# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം :*513 — 19.05.2017-ൽ മറുപടിയ്ക്ക്

## വനഭൂമിയുമായി ചേർന്ന് കിടക്കുന്ന സ്വകാര്യഭൂമിയുടെ ക്രയവിക്രയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജൻ<br>,, സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ആർ. രാമചന്ദ്രൻ : | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) **സ്വകാര്യ വ്യക്തികൾക്ക് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നിരാക്ഷേപ പത്രം ആവശ്യമായി വരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;** | എ) വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ ക്രയവിക്രയം നടത്തുമ്പോഴും, കൈവശാവകാശ സർട്ടിഫിക്കേറ്റ് ലഭിക്കുന്നതിനും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നിരാക്ഷേപ പത്രം ആവശ്യമായി വരുന്നു. |
| ബി) **വനഭൂമിയുമായി ചേർന്ന് കിടക്കുന്ന സ്വകാര്യഭൂമിയുടെ ക്രയവിക്രയവുമായി ബന്ധപ്പെട്ട് നിരാക്ഷേപപത്രം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളിൽ തീർപ്പ് കല്പിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ;** | ബി) വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയിലുൾപ്പെടുന്ന ഭൂമിക്ക് ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ , പരിശോധനയ്ക്ക് വിധേയമായി , ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻമാർ നിരാക്ഷേപ പത്രം നൽകി വരുന്നു. അതിർത്തി കൃത്യമായി വേർതിരിച്ചിട്ടില്ലാത്തതും , അവ്യക്തതയോ/ തർക്കങ്ങളോ/ വ്യവഹാരങ്ങളോ നിലനിൽക്കുന്നതുമായ സ്ഥലങ്ങളിൽ സർവ്വേയർമാരെക്കൊണ്ട് സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നു. |
| സി) **ഇത്തരം അപേക്ഷകളിൽ തീർപ്പ് കല്പിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ;** | സി) അതിർത്തി കൃത്യമായി വേർതിരിച്ചിട്ടില്ലാത്തതും , അവ്യക്തതയോ/ തർക്കങ്ങളോ/ വ്യവഹാരങ്ങളോ നിലനിൽക്കുന്നതുമായ സ്ഥലങ്ങൾ ഉൾപ്പെടുന്ന അപേക്ഷകളിൽ തീർപ്പ് |

കൽപ്പിക്കുന്നതിന് കാലതാമസം നേരിടാറുണ്ട് . കൂടാതെ സർവ്വേ സ്കെച്ചുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിലും , അതിരടയാളങ്ങൾ മനഃപൂർവ്വം നീക്കം ചെയ്യപ്പെടുന്ന അവസരങ്ങളിലും അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടാറുണ്ട്.

ഡി) **ഏതെല്ലാം മേഖലകളിൽ നിന്നാണ് ഇത്തരം അപേക്ഷകൾ കൂടുതലായി ലഭിക്കുന്നതെന്നറിയിക്കാമോ?**

ഡി) റിസർവ്വ് വനം , നിക്ഷിപ്ത വനം , പരിസ്ഥിതി ദുർബല പ്രദേശങ്ങൾ എന്നിവയുമായി അതിർത്തി പങ്കിടുന്ന സ്വകാര്യ ഭൂമികൾ ഉൾപ്പെടുന്ന മലയോര /മലബാർ മേഖലകളിൽ നിന്നാണ് കൂടുതൽ അപേക്ഷകൾ ലഭിക്കാറുള്ളത്.

നോർത്തേൺ സർക്കിൾ കണ്ണൂർ , ഈസ്റ്റേൺ സർക്കിൾ പാലക്കാട് , സെൻട്രൽ സർക്കിൾ തൃശ്ശൂർ , സതേൺ സർക്കിൾ കൊല്ലം എന്നിവയ്ക്ക് കീഴിൽ വരുന്ന റെയ്ഞ്ചുകളിൽ നിന്നാണ് ഇത്തരത്തിലുള്ള കൂടുതൽ അപേക്ഷകൾ ലഭിക്കാറുള്ളത്.

**സെക്ഷൻ ഓഫീസർ**